• കവിത

# ജോൺജന്മം

കെ.ജി. അമർനാഥ്

**'ജോൺജന്മം' എന്ന പേരിൽ പ്രസിദ്ധീകരിച്ചുവരുന്ന കവിതാ പരമ്പരയിൽനിന്ന്**

**ഒന്ന്**

വിപ്ലവം ചുവന്ന മെഴുകുതിരിയാണോ ?
ഉണ്ടാക്കിയത് കത്തിതീർന്നാൽ
പുതിയത് കത്തിക്കണോ ?
വിപ്ലവം
ചുവന്ന ട്രാഫിക് സിഗ്നലാണോ ?
മഞ്ഞയും പച്ചയും പിന്നാലെ കത്തുമോ ?
ചുവന്ന പൂമ്പാറ്റയാണോ ?
ആദ്യത്തേത് അപ്രത്യക്ഷമാകുമ്പോൾ
രണ്ടാമത്തേതിനെ പിൻതുടർന്നാൽ മതിയോ ?
വിപ്ലവം
ചുവന്ന സൂര്യനാണോ ?
ഉദിക്കാനാണോ
അതസ്തമിച്ചത്
അസ്തമിക്കുവാനാണോ
അതുദിക്കുന്നത് ?

'അമ്മ അറിയാൻ' എന്ന സിനിമയിൽ ജോൺ വിമോചനം സ്വപ്നം കണ്ട തലമുറയെക്കുറിച്ച് പറയുന്നു. ഒരു പാട് സംശയങ്ങളുമായി.

**രണ്ട്**

ശാന്തത
കോടതി പ്രവർത്തിക്കുന്നു
ജാഗ്രത
എന്റെ ക്യാമറയും പ്രവർത്തിക്കുന്നു
ശാന്തത
കോടതി വെറുതെ വിടുന്നു
ജാഗ്രത
എന്റെ ക്യാമറ ശിക്ഷിക്കുന്നു.

ക്യാമറയെ നിശിതമായി ഉപയോഗിക്കുവാൻ ജോൺ ശഠിച്ചിരുന്നു.



**മൂന്ന്**

അമ്മയല്ല
മകനാണ് മരിച്ചത്
സമയത്തിന്
ബലി ക്കാക്ക വരാത്തതിനാൽ
ഷൂട്ടിങ്ങ് മുടങ്ങി
രാത്രി
ആരോവന്ന് പറഞ്ഞു
ബലികാക്ക ഷോക്കടിച്ച് ചത്തെന്ന്

അതിനാൽ
ഞാൻ ജോൺ
ബലികാക്കയായ് വന്ന്
ബലിച്ചോറുണ്ണുന്നു

'അമ്മ അറിയാൻ' എന്ന സിനിമയുടെ ഷൂട്ടിങ്ങ് പുരോഗമിക്കുംതോറും ജോൺ സിനിമയിലെ ഒരു കഥാപാത്രം തന്നെയായി മാറി.